FY-408

exam WINNER ®

**FIRST YEAR HIGHER SECONDARY EXAMINATION, MARCH – 2024**

Part – II

# മലയാളം

**(MALAYALAM)**

Time : 2 $\frac{1}{2}$ Hours

Cool-off time : 15 Minutes

Maximum : 80 Scores

*വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :*

- 15 മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ വായിക്കാനും ഇഷ്ടമുള്ളവ തിരഞ്ഞെടുക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കാം.
- ഓരോ ചോദ്യവുമായി ബന്ധപ്പെട്ട നിർദേശങ്ങൾ വായിച്ചു മനസ്സിലാക്കി ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

**1 മുതൽ 6 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് ഉചിതമായ 2 ഉത്തരം വീതം തിരഞ്ഞെടുത്തെഴുതുക. 2 സ്കോർ വീതം.** **(5 × 2 = 10)**

1. ജോനാഥൻ ലിവിങ്സ്റ്റൺ എന്ന കടൽക്കാക്കനൽകുന്ന പ്രചോദനമെന്താണ് ?
   - തീറ്റ തേടുന്നതിനാണ് ജീവിതം
   - കൂടുതൽ ഉയരങ്ങളിലേക്ക് പറക്കണം
   - ഒതുങ്ങി ജീവിക്കുക
   - പുതിയ വഴികളിലൂടെ സ്വതന്ത്രമായി സഞ്ചരിക്കണം

2. കായലരികത്ത് എന്ന ചലച്ചിത്രഗാനത്തിലെ ബിംബകല്പനകൾക്കു രണ്ട് ഉദാഹരണങ്ങൾ എടുത്തെഴുതുക.
   - ചോറുവെച്ചതു തിന്നത്
   - എണ്ണ കാച്ചിയ നൊമ്പരം
   - നേരമായതു ചൊല്ലുവാൻ
   - കരളിന്റെ ഉരുളി

3. കൈപ്പാട് എന്ന ഡോക്യുമെന്ററി സിനിമയുടെ രണ്ടു സവിശേഷതകൾ എഴുതുക.
- പാരിസ്ഥിതിക പ്രശ്നങ്ങൾ അവതരിപ്പിക്കുന്നു
- നാടകരൂപത്തിലുള്ള അവതരണം
- കൈപ്പാട് കൃഷിയിടങ്ങളുടെ ആവശ്യകതയെ ചൂണ്ടിക്കാണിക്കുന്നു.
- കാടറിവിനെക്കുറിച്ചുള്ളയാത്ര

4. കേൾക്കുണുണ്ടോ ? എന്ന ചെറുസിനിമ എന്തുകൊണ്ട് ചർച്ചചെയ്യപ്പെടണം. രണ്ട് നിരീക്ഷണങ്ങൾ കണ്ടെത്തുക.
- കാണാതിരിക്കാനാവാത്ത കാഴ്ചകൾ അവതരിപ്പിക്കുന്നു.
- ഈ ഭൂമി മനുഷ്യരുടേതു മാത്രമാണ്
- പരിസ്ഥിതിയെ മാനിക്കാതെയുള്ള വികസനമുന്നേറ്റങ്ങൾ ഉണ്ടാക്കുന്ന അപകടത്തെക്കുറിച്ചുള്ള മുന്നറിയിപ്പ്.
- ചുറ്റിലും നടക്കുന്ന പ്രശ്നങ്ങളെ അവഗണിക്കുക.

5. ലാത്തിയും വെടിയുണ്ടയും എന്ന പാഠഭാഗത്തെ ദേവകി മാനമ്പള്ളിയുടെ സ്വഭാവ സവിശേഷതകളിൽ രണ്ടെണ്ണം എഴുതുക.
- ദേശീയ ബോധം
- കുടുംബ ജിവിതം സന്തോഷപ്രദമാക്കി
- സാമൂഹികസേവനം
- നഷ്ടപ്പെടലുകളെക്കുറിച്ചുള്ള ആധി

6. സംക്രമണം എന്ന കവിതയിൽ സ്ത്രീജിവിതത്തെ ചിത്രീകരിക്കാനുപയോഗിച്ച പ്രതീകങ്ങളിൽ രണ്ടെണ്ണം കണ്ടെത്തുക.
- വിള നിലങ്ങൾ
- ഒരട്ടിമണ്ണ്
- വസൂരിമാല
- നാറത്തേപ്പ്

**7 മുതൽ 10 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. 2 സ്കോർ വീതം.** **(3 × 2 = 6)**

7. 'പൊൻ ചെമ്പകം പൂത്ത കരളു പണ്ടേ കരിഞ്ഞുപോയെങ്കിലും' – ഈ വരിയിൽ തെളിയുന്ന ഭാവം എന്താണ് ?

8. കായലരികത്ത് എന്ന ചലച്ചിത്രഗാനത്തിൽ തെളിയുന്ന സാമൂഹികാന്തരീക്ഷത്തെക്കുറിച്ചുള്ള രണ്ടു ദൃശ്യസൂചനകൾ കണ്ടെത്തുക.

9. അരുളുള്ളവനാണ് ജീവി എന്നു ശ്രീനാരായണഗുരു പറയാനിടയായ സാഹചര്യം എന്താണ് ?

10. 'മുഹ്‌യ്ദ്ദീൻ മാല'യുടെ സവിശേഷതകൾ ഒന്നോ രണ്ടോ വാക്യത്തിൽ എഴുതുക.

**11 മുതൽ 17 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 6 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 4 സ്കോർ വീതം.** **(6 × 4 = 24)**

11. മനുഷ്യനും പ്രകൃതിയും ഇണങ്ങിച്ചേർന്നിരുന്ന കാലത്തെക്കുറിച്ചുള്ള ഓർമ്മകളാണോ വേരുകൾ നഷ്ടപ്പെടുത്തുന്നവർ എന്ന പാഠഭാഗത്തിലൂടെ അവതരിപ്പിക്കുന്നത് – പ്രതികരണക്കുറിപ്പ് തയ്യാറാക്കുക.

12. മണൽത്തരിയോളം പോന്നൊരു മത്സ്യം കടൽത്തിരയോട് ഒറ്റയ്ക്ക് പൊരുതി നിന്നു.
    ഈ വരിയിൽ തെളിയുന്ന ആശയമെന്താണ് ?

13. ജനപ്രിയസിനിമകളുടെ എന്തെല്ലാം സവിശേഷതകളാണ് ഒ.കെ. ജോണിയുടെ സിനിമയും സമൂഹവും എന്ന പാഠഭാഗം അവതരിപ്പിക്കുന്നത്.

14. എം. എൻ. വിജയൻ, കാവ്യകലയെക്കുറിച്ച് ചില നിരീക്ഷണങ്ങൾ എന്ന പാഠഭാഗത്ത് കവിതയെക്കുറിച്ച് നൽകുന്ന നിർവ്വചനമെന്താണ് ?

15. മനുഷ്യജീവിതത്തെക്കുറിച്ചുള്ള ദർശനങ്ങളാണ് അനർഘ നിമിഷം. ഈ പ്രസ്താവനയോടുള്ള അഭിപ്രായം കുറിപ്പായി എഴുതുക.

16. ചെറുശ്ശേരിയുടെ കാവ്യഭാഷയിൽ തെളിയുന്ന രണ്ട് സവിശേഷതകൾ 'പീലിക്കണ്ണുകൾ' എന്ന പാഠഭാഗത്തുനിന്നു കണ്ടെത്തുക.

17. താഴെ ചേർത്തിട്ടുള്ള കൃതികളുടെ ഗ്രന്ഥകർത്താക്കളെ യഥാക്രമം എടുത്തെഴുതുക. (1 സ്കോർ വീതം)

| | |
|---|---|
| ജോനാഥൻ ലിവിങ്സ്റ്റൺ | കെ. ആർ. മീര |
| ആരാച്ചാർ | റിച്ചാർഡ് ബാക്ക് |
| മുഹ്യിദ്ദീൻമാല | വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ |
| ദ്വാരക | ഖാസിമുഹമ്മദ് |

**18 മുതൽ 21 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 6 സ്കോർ വീതം.** **(3 × 6 = 18)**

18. ഭൂത വർത്തമാനങ്ങളുടെ ഓർമ്മകളാണ് സന്ദർശനം എന്ന കവിത. ഈ പ്രസ്താവനയോടുള്ള നിങ്ങളുടെ നിലപാട് കുറിപ്പായി എഴുതുക.

19. ലാത്തിയും വെടിയുണ്ടയും എന്ന കൃതിയിലെ രണ്ടുകഥാപാത്രങ്ങളാണ് ദേവകി മാനമ്പള്ളിയും, തങ്കംനായരും ഈ സ്ത്രീകളുടെ സ്വാഭാവസവിശേഷതകളെക്കുറിച്ച് കുറിപ്പെഴുതുക.

20. 'പുറപ്പെട്ടേടത്താണൊരായിരം കാതമവൾ നടന്നിട്ടും – സംക്രമണം എന്ന കവിതയിലെ ഈ വരികൾ സ്ത്രീയുടെ ജീവിതയാത്രയുടെ ചരിത്രമാണ്. പ്രസ്തുത വിലയിരുത്തലിനോടുള്ള നിങ്ങളുടെ അഭിപ്രായം രേഖപ്പെടുത്തുക.

21. ബൈസിക്കിൾ തീവ്സ് എന്ന സിനിമയിലെ പ്രധാന കഥാപാത്രമാണ് 'ആൾക്കൂട്ടം'. പാഠഭാഗം പരിശോധിച്ച് സ്വാഭിപ്രായം രേഖപ്പെടുത്തുക.

**ചുവടെ കൊടുത്തിട്ടുള്ള കവിതാഭാഗം വായിച്ച് 22 മുതൽ 24 വരെയുള്ള ചോദ്യങ്ങൾക്ക് ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരം എഴുതുക. 2 സ്കോർ വീതം. (3 × 2 = 6)**

താമരക്കുളങ്ങൾതൻ വക്കിലെത്തോപ്പിൽക്കൂടി
പ്രേമവേദനപാകി മറയും ഋതുക്കളേ
ഏകാന്ത വനനദി തീരങ്ങൾ തേടി, ഗാന –
നൗകകൾ തുഴഞ്ഞുപോം പറവപ്പറ്റങ്ങളേ
കരളിൻ കലമ്പലറ്റാനന്ദ സുധ തേടി
കവിതാസമാധിയിലുറച്ച മലകളേ
കഴിഞ്ഞതെല്ലാം മറന്നെനിക്കു കേറിപ്പറ്റാൻ
കതകു തുറക്കുമോ ? വിളക്കു കൊളുത്തുമോ ?

– പി. കുഞ്ഞിരാമൻ നായർ

22. പ്രേമവേദനപാകി മറയുന്നതാര് ?

23. പറവപ്പറ്റങ്ങൾ എന്താണ് ചെയ്യുന്നത് ?

24. കവിതാസമാധിയിലുറച്ച മലകൾ എന്തുചെയ്യുന്നു.

**25 മുതൽ 27 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. 8 സ്കോർ വീതം. (2 × 8 = 16)**

25. സ്വാതന്ത്ര്യത്തിന്റെ വിവിധ തലങ്ങൾ 'ഓർമ്മയുടെ ഞരമ്പ്' എന്ന കഥയിൽ വിശദമായി ചർച്ചചെയ്യുന്നുണ്ട്. കഥയിലെ കേന്ദ്രകഥാപാത്രമായ മുത്തശ്ശിയെ മുൻനിർത്തി നിങ്ങളുടെ നിലപാടുകൾ അവതരിപ്പിക്കുക.

26. ദാമ്പത്യജീവിതത്തിലെ സന്തോഷങ്ങളും പൊരുത്തങ്ങളും ഓർമ്മകളും 'ഊഞ്ഞാലിൽ' സമന്വയിക്കുന്നു – ഈ പ്രസ്താവനയോടുള്ള നിങ്ങളുടെ നിലപാട് അവതരിപ്പിക്കുക.

27. മാതൃവാത്സല്യത്തിന്റെ കഥയാണ് 'ശസ്ത്രക്രിയ' – കഥ പരിശോധിച്ച് നിരൂപണം തയ്യാറാക്കുക.